(ബി) പദ്ധതിക്ക് ലഭ്യമാക്കുന്ന ഫണ്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതി നാളിതുവരെയും നടപ്പിലാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നടപ്പിലാക്കാനുണ്ടായ കാലതാമസത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമം തടയുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് 'നിർഭയകേരളം സുരക്ഷിതകേരളം' എന്ന പദ്ധതി നടപ്പിലാക്കിയത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുക, ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് സംരക്ഷണവും പുനരധിവാസവും നൽകുക തുടങ്ങിയവയും ഉൾപ്പെടുത്തിക്കൊണ്ട് ഈ പദ്ധതി ഒരു പൈലറ്റ് പ്രോജക്ട് ആയി എറണാകുളം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) പദ്ധതിക്കായി ഈ സാമ്പത്തികവർഷം ഏഴുകോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേന്ദ്ര ധനസഹായത്തിനായി അപേക്ഷ ഇതിനകം സമർപ്പിച്ചിട്ടുണ്ട്.

(സി&ഡി) നിർഭയകേരളം സുരക്ഷിതകേരളം പദ്ധതി പൈലറ്റ് പ്രോജക്ട് ആയി എറണാകുളം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചങ്ങനാശ്ശേരി ടൗണിൽ നിരീക്ഷണ ക്യാമറകൾ

230 (3864) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി ടൗണിലെ പ്രധാന കേന്ദ്രങ്ങളിൽ, കുറ്റകൃത്യങ്ങൾ തടയുന്നതിന്റെ ഭാഗമായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി എത്രയും വേഗം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഇക്കാര്യം സംബന്ധിച്ച് കോട്ടയം ജില്ലാ പോലീസ് മേധാവി നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly